**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3603** **08-10-2025 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ ഡിജിറ്റൽ സർവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിൽ ഡിജിറ്റൽ സർവേ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവെ റിക്കാർഡുകൾ നാലു വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള ബൃഹത് പദ്ധതിയുമായി ബന്ധപ്പെട്ട് നാദാപുരം മണ്ഡലത്തിലെ ചെക്കിയാട്, നാദാപുരം, തൂണേരി, വളയം എന്നീ വില്ലേജുകളെ പദ്ധതിയുടെ ഒന്നാം ഘട്ടത്തിലും, വാണിമേൽ, കാവിലുപാറ എന്നീ വില്ലേജുകളെ രണ്ടാം ഘട്ടത്തിലും, തിനൂർ, മരുതോങ്കര എന്നീ വില്ലേജുകളെ മൂന്നാം ഘട്ടത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിലെ എല്ലാ വില്ലേജുകളുടെയും സർവെ അതിരടയാള നിയമം അനുസരിച്ചുള്ള 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും, രണ്ടാം ഘട്ടത്തിലെ വാണിമേൽ (86.81%), കാവിലുംപാറ (9.61%) വില്ലേജുകളുടെ ഫീൽഡ് ജോലികളും പൂർത്തിയായിട്ടുണ്ട്. മൂന്നാം ഘട്ടത്തിലെ തിനൂർ, മരുതോങ്കര എന്നീ വില്ലേജുകളുടെ പ്രാരംഭ ജോലികളും നടന്നു വരുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ സർവേ പൂർത്തീകരിച്ചവയുടെ വിവരങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ എന്ന് പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത മണ്ഡലത്തിലെ സർവെ പൂർത്തീകരിച്ച എല്ലാ വില്ലേജുകളുടെയും സർവെ അതിരടയാള നിയമം അനുസരിച്ചുള്ള 9(2), 13 പ്രകാരമുള്ള നോട്ടിഫിക്കേഷനുകൾ ഉടൻ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ ജില്ലയിലെ റീസർവെ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് മുഖാന്തരം സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ എത്ര വില്ലേജുകളിലെ ഡിജിറ്റൽ സർവേയാണ് ഇനി പൂർത്തീകരിക്കാൻ ഉള്ളതെന്നും ആയത് എന്ന് പ്രസിദ്ധീകരിക്കുമെന്നും വിശദമാക്കാമോ? | (സി) | പ്രസ്തുത മണ്ഡലത്തിലെ ആകെയുള്ള 12 വില്ലേജുകളിൽ 8 വില്ലേജുകളെ ആദ്യ മൂന്നു ഘട്ടങ്ങളിലായി ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള 4 വില്ലേജുകളെ തുടർ ഘട്ടങ്ങളിൽ ഉൾപ്പെടുത്തി 4 വർഷകാലയളവിനുള്ളിൽ സർവെ പൂർത്തിയാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ